## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *185** **17.02.2016-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗക്കാരുടെ ഭവന പുനരുദ്ധാരണ പദ്ധതി

**ചോദ്യം**

ശ്രീ.വർക്കല കഹാർ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.ഡി.സതീശൻ

**മറുപടി**

ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗക്കാരുടെ ഭവന പുരനദ്ധാരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പും വിവിധ സർക്കാർ ഏജൻസികളും മുമ്പ് അനുവദിച്ച് നൽകിയതും നിലവിൽ വാസയോഗ്യമല്ലാത്തതും, ഭാഗീകമായി മാത്രം വാസയോഗ്യമായതുമായ വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും, അറ്റകുറ്റപ്പണി, നവീകരണം എന്നിവയ്ക്കു ധനസഹായം നൽകുന്നതുമാണ് ഭവന പുനരുദ്ധാരണ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. വീടുകൾ അനുവദിച്ചതിന് ശേഷം കുറഞ്ഞത് ആറ് വർഷത്തിന് ശേഷമാണ് ഭവന പുനരുദ്ധാരണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഒരു ലക്ഷം രൂപ വീതം അനുവദിയ്ക്കുന്നത്. |
| സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | 2013-14 സാമ്പത്തിക വർഷം മുതലാണ് ഭവന പുനരുദ്ധാരണ പദ്ധതി ആരംഭിച്ചത്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | <table><tr><th>വർഷം</th><th>പുനരുദ്ധാരണം നടത്തിയ വീടുകൾ</th><th>അനുവദിച്ച തുക</th></tr><tr><td>2013-14</td><td>500</td><td>500 ലക്ഷം രൂപ</td></tr><tr><td>2014-15</td><td>500</td><td>500 ലക്ഷം രൂപ</td></tr><tr><td>2015-16</td><td>500</td><td>500 ലക്ഷം രൂപ</td></tr></table> |

സെക്ഷൻ ഓഫീസർ